പുതിയ ചെറുകിട ജലസേചന പദ്ധതികൾ

33 [1719] ശ്രീ. കെ. പി. രാജേന്ദ്രൻ:
" എൻ. രാജൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട ജലസേചന പദ്ധതികൾ പുതുതായി ഏറ്റെടുത്തു എന്നും ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും വിശദമാക്കാമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് അധികമായി ജലസേചന സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലപ്പഴക്കമുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ;

(ഇ) ഈ കാലയളവിൽ എത്ര പദ്ധതികൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ലാസ്-1, ക്ലാസ്-2, പശ്ചിമഘട്ട വികസന പദ്ധതി എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി 222 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അവയിൽ 146 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഏകദേശം 4963 ഹെക്ടർ സ്ഥലത്ത് അധികമായി ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) കാലപ്പഴക്കമുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ട്.

(ഡി ആന്റ് ഇ) നബാർഡിൽ നിന്നോ, സംസ്ഥാന ബഡ്ജറ്റിലൂടെയോ ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണ പണികൾ ഏറ്റെടുത്ത് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേക്കുള്ള പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

2/198/2013—14.

LIBRARY ARCHIVES Kerala Legislative Assembly